## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1664

04.12.2018 - ൽ
മറുപടിയ്ക്ക്

### കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.വി.ടി.ബൽറാം | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കാർഷിക സർവ്വകലാശാലകളുടെ ദേശീയ തലത്തിലുള്ള റാങ്കിംഗിൽ സംസ്ഥാനത്തെ കാർഷിക സർവ്വകലാശാല മുൻവർഷത്തെ അപേക്ഷിച്ച് വളരെയധികം പിന്നോട്ട് പോയി എന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | ബി) വെറ്റിനറി ഫാക്കൽറ്റിയും, ഫിഷറീസ് ഫാക്കൽറ്റിയും പ്രത്യേക സർവ്വകലാശാലകളായി കാർഷിക സർവ്വകലാശാലയിൽ നിന്നും വേർപിരിഞ്ഞപ്പോൾ കുട്ടികളുടെ എണ്ണത്തിലും, കോളേജുകളുടെ എണ്ണത്തിലും ഗണ്യമായ കുറവ് അനുഭവപ്പെടുകയും, തന്മൂലം ICAR-ൽ നിന്നും കിട്ടുന്ന SRF, JRF തുടങ്ങിയ ഫെലോഷിപ്പുകളുടെ എണ്ണത്തിൽ കുറവ് വന്നതും കൂടാതെ 766 അദ്ധ്യാപക തസ്തികകൾ ഉള്ള സർവ്വകലാശാലയിൽ നിന്നും റിട്ടയർമെന്റ് മൂലം അദ്ധ്യാപകരുടെ എണ്ണം 355 ആയി കുറഞ്ഞതും മൂലം അദ്ധ്യാപകരുടെ റിസർച്ച് പബ്ലിക്കേഷന്റെ എണ്ണത്തിലും വിദ്യാർത്ഥി പരിശീലനത്തിന്റെ തോതിലും കുറവ് വന്നത് റാങ്കിങ്ങിനെ സാരമായി ബാധിച്ചു |
| സി) സംസ്ഥാനത്തെ കാർഷിക സർവ്വകലാശാല പ്രവർത്തനം പരിശോധിച്ച് റാങ്കിങ് മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ? | സി) പ്രവേശനത്തിനുള്ള വിദ്യാർത്ഥികളുടെ സീറ്റുകൾ വർദ്ധിപ്പിക്കുകയും, പുതിയ കോളേജുകൾ തുടങ്ങുകയും ചെയ്യുത് മൂലം ഫെലോഷിപ്പുകളും ഗവേഷണ ഫലങ്ങളും വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഒഴിഞ്ഞു കിടക്കുന്ന അധ്യാപക തസ്തികകൾ നികത്തുന്നതിന് വേണ്ടി ഇന്റർവ്യൂ നടന്നു കൊണ്ടിരിക്കുന്നു. കൂടാതെ കൂടുതൽ കുട്ടികൾക്ക് ICAR-ന്റെ ഫെല്ലോഷിപ്പ് ലഭിക്കുന്നതിന് വേണ്ടി കോച്ചിങ് ക്ലാസുകൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചതിനാലും കേരള കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിക്കും. |

സെക്ഷൻ ഓഫീസർ